ശതമാനം അന്തർ ജില്ലാ സ്ഥലംമാറ്റംവഴിയും നികത്തുന്നതാണ്. ഇപ്പോൾ എച്ച്.എസ്.എ.- ഹിന്ദി തസ്തിക ഒന്നും, ജൂനിയർ ഹിന്ദി ടീച്ചർ ഫുൾ ടൈം 25- ഉം ജൂനിയർ ഹിന്ദി ടീച്ചർ പാർട്ട് ടൈം 21- ഉം ഒഴിവുകളുണ്ട്. ഇവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം പുർത്തിയായി വരുന്നു. എച്ച്.എസ്.എ മലയാളത്തിന് 46 ഒഴിവുകൾ ഉണ്ടായിരുന്നതിൽ 2002-03 വർഷം 7 പേർക്കും 2003-04 വർഷം 9 പേർക്കും നിയമനം നൽകിയിട്ടുണ്ട്. തസ്തിക നിർണ്ണയത്തിന് ശേഷം വരുന്ന ഒഴിവുകൾ ആനുപാതികമായി പി.എസ്.സി. വഴിയും അന്തർ ജില്ലാ സ്ഥലംമാറ്റം വഴിയും നികത്താവുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഞാൻ 800 പേരുടെ കാര്യമേ പറഞ്ഞുള്ളു. ഇപ്പോൾ 1000 പേരിൽ അധികം വന്നിരിക്കുന്നു. എനിക്ക് വിനീതമായ ഒരു ചോദ്യമുള്ളത്, പി.എസ്.സി.യു.ടെയും അതുപോലെ മറ്റ് ലിസ്റ്റുകളുമൊക്കെ വരുന്നത് വരെ, ട്രെയിനിംഗിന് കുറേയധികം അദ്ധ്യാപകരെ അയയ്ക്കുന്നുണ്ട്. എന്നുള്ളത് പരിഗണിച്ച് ചിലപ്പോൾ ഒരു മാസം, രണ്ടു മാസം, മൂന്ന് മാസം ഒക്കെയാണ് ട്രെയിനിംഗിന് വിടുന്നത്. അതുവരെയുള്ള കാലത്ത്, ഈ പറഞ്ഞ പോലെ താൽക്കാലിക അടിസ്ഥാനത്തിൽ, ദിവസക്കൂലി അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ ആവശ്യമായ അനുവാദം നൽകുമോ ; അങ്ങ് പറഞ്ഞല്ലോ 19-ാം തീയതി ഒരു ഓർഡർ ഇറക്കിയിട്ടുണ്ടെന്ന്, പക്ഷേ അതിൽ പറയുന്നത് സ്ഥിരം ഒഴിവുകൾക്കാണ്. ഞാൻ പറയുന്നത്, താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ ഉണ്ട്. മൂന്ന് മാസവും നാല് മാസവുമെന്നൊക്കെ പറയുന്നത് ഒരു കുട്ടിയുടെ വിദ്യാഭ്യാസ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു കാലമാണ്. അതുകൊണ്ട് അതിന് താൽക്കാലികമായി അദ്ധ്യാപകരെ നിയമിക്കാൻ, എപ്പോഴാണ് സ്ഥിര അദ്ധ്യാപകൻ വരുന്നത് അപ്പോൾ ഒഴിഞ്ഞുപോകത്തക്ക വിധത്തിൽ ഒരു ഉത്തരവ് കൊടുക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഡെയ്‌ലി വേജസായി നിയമിക്കാനുള്ള ഉത്തരവാണ് 19-06-2003-ന് താൽക്കാലികമായാലും സ്ഥിരമായാലും ഒരു വർഷത്തിൽ കൂടുതൽ അദ്ധ്യയന വർഷത്തിൽ അല്ലാത്ത. പിരീഡിൽ നിയമിക്കാനുള്ള ഉത്തരവാണ് നൽകിയിട്ടുള്ളത്. അതനുസരിച്ച് താൽക്കാലികമായി മാസക്കണക്കിന് വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്താവുന്നതാണ്.

(2) താമരശ്ശേരി ആസ്ഥാനമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസും മുക്കം ആസ്ഥാനമാക്കി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസും സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി. മോയിൻകുട്ടി : സർ, കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കേണ്ടതിന്റെ അനിവാര്യമായ ഒരു സാഹചര്യമാണ് എനിക്ക് ശ്രദ്ധക്ഷണിക്കലിലൂടെ അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത്. സംസ്ഥാനത്ത് സാർവത്രികവും കുറ്റമറ്റതായിട്ടുള്ളതുമായ വിദ്യാഭ്യാസ നയം സ്വീകരിക്കുന്ന ആളാണ് അങ്ങ്. അതുപോലെതന്നെ അഴിമതി മുക്തമായിട്ടുള്ള ആരോപണ വിധേയമല്ലാത്ത തരത്തിൽ വളരെ സുതാര്യമായ സമന്വയത്തിലൂടെ വിദ്യാഭ്യാസ നയവുമായി മുന്നോട്ട് പോകുന്ന ഒരു ഗവൺമെന്റിന്റെ ഭാഗമെന്നുള്ള നിലയിൽ വളരെ അനിവാര്യമായിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഷയം തീർച്ചയായും ഇനിയും കണ്ടില്ലെന്ന് നടിക്കാൻ സാദ്ധ്യമല്ലയെന്നാണ് വളരെ വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് തന്നെ ഇക്കാര്യം പരിഗണിക്കണം. വളരെ അടിയന്തരമായി നിരവധി നിവേദനങ്ങൾ ഇതുസംബന്ധിച്ച് നടത്തിക്കഴിഞ്ഞു. എന്റെ മണ്ഡലത്തിലെ സ്ഥിതി വളരെയേറെ പ്രയാസകരമായിട്ടുള്ള ഒരു സാഹചര്യത്തിലാണ്. കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ലകളാണ് കോഴിക്കോടും വടകരയും. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മറ്റ് ബന്ധപ്പെട്ട ആളുകൾക്കും ഈ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ പലപ്പോഴും ഏഴും എട്ടും മണിക്കൂർ യാത്ര ചെയ്യേണ്ട സാഹചര്യമാണ് നിലവിലുള്ളത്. എന്റെ മലയോര കുടിയേറ്റ മേഖലയായിട്ടുള്ള തിരുവമ്പാടിയിലെ പുല്ലൂരാമ്പാറ, കക്കാട്, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട് പ്രദേശങ്ങളിൽ നിന്ന് കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിലേയ്ക്ക് പോകുന്നതിന് തന്നെ നിരവധി മണിക്കൂറുകൾ, നിരവധി ബസുകൾ കയറിയിറങ്ങേണ്ട സാഹചര്യമാണ്. എട്ടും പത്തും ബസുകൾ കയറിയിറങ്ങേണ്ട സാഹചര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ നേരിട്ടറിയാവുന്ന കാര്യങ്ങളാണ്. ഇതുകാരണം സർക്കാരിന്റെ സങ്കൽപത്തിലുള്ള ഗുണനിലവാരം നിലനിർത്തുന്നതിനാകട്ടെ, ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾ വിസിറ്റ് ചെയ്യുന്ന കാര്യത്തിലാകട്ടെ ഒരിക്കലും പോകാൻ സാധിക്കുന്നില്ല. പലപ്പോഴും വർഷങ്ങൾ തന്നെ കഴിഞ്ഞാണ് ഡി.ഇ.ഒ.മാരും മറ്റ് ഉദ്യോഗസ്ഥൻമാരും ഇത്തരം സ്ഥാപനങ്ങളിൽ വന്നുപോകുന്നത്. അതുകൊണ്ട് നമുക്ക് ഇവിടെ ഗവൺമെന്റ് ഉദ്ദേശിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്ന കാര്യത്തിൽ മാത്രമല്ല വളരെ ദയനീയമായ സാഹചര്യമാണ് ഈ രംഗത്തുള്ളത് എന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. അതുപോലെതന്നെ എന്റെ മണ്ഡലത്തിലെ ആനാക്കാംപ്പൊയിൽ, മുക്കം തുടങ്ങിയ പ്രദേശങ്ങളിലും നിലമ്പൂർ, മഞ്ചേരി മണ്ഡലങ്ങളിൽ കിടക്കുന്ന പ്രദേശങ്ങളിലും അതിന്റെ തൊട്ടടുത്ത് കിടക്കുന്ന പ്രദേശങ്ങളിലുമൊക്കെ തന്നെ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകളിലേക്കും എ.ഇ. ഓഫീസുകളിലേയ്ക്കും എത്തിച്ചേരാൻ തീർച്ചയായും 80 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടി വരുന്നു. കുന്നമംഗലം മണ്ഡലത്തിലെ കാരന്തൂരാണ് ഈ എ.ഇ. ഓഫീസുള്ളത്. വളരെ അടിയന്തരമായും അതേ മണ്ഡലത്തിൽ തന്നെയുള്ള മുക്കം ടൗണിലോ അല്ലെങ്കിൽ താമരശ്ശേരി തിരുവമ്പാടി മണ്ഡലത്തിലെ ഓമശ്ശേരി പഞ്ചായത്തിലോ എ.ഇ. ഓഫീസ് സ്ഥാപിച്ചാൽ വലിയ സൗകര്യപ്രദമാകും. വളരെ ഗൗരവമായിട്ടുള്ള ഈ വിഷയത്തിൽ ഇനിയും അമാന്തം കാണിക്കാതെ വളരെ പെട്ടെന്ന് തന്നെ സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ 1979-ൽ നിഷ്ക്കർഷിക്കപ്പെട്ട സ്റ്റാഫ് പാറ്റേണാണ് ഇന്നും നിലവിലുള്ളത്. അതുകൊണ്ട് തന്നെ ജീവനക്കാരുടെ ജോലിഭാരം വളരെയേറെ കൂടുകയാണ്. നമ്മുടെ സങ്കൽപ്പത്തിലുള്ള വിദ്യാഭ്യാസ പുരോഗതി അസാദ്ധ്യമായി മാറുന്ന സാഹചര്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ മറ്റ് എവിടേയും ഇല്ലാത്ത തരത്തിലുള്ള ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് താമരശ്ശേരി ആസ്ഥാനമാക്കി ഒരു ഡി.ഇ. ഓഫീസ് അടിയന്തിരമായി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികളും തുടർ നടപടികളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ആസ്ഥാനമാക്കി ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസും മുക്കം ആസ്ഥാനമാക്കി ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസും രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സംഘടനകളും ബഹുമാനപ്പെട്ട എം.എൽ.എ.-യും നേരത്തെ നിവേദനം നൽകിയിരുന്നതാണ്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മലയോര പ്രദേശങ്ങളുടെ വിദ്യാഭ്യാസ പുരോഗമനത്തിന് ഏറെ ഗുണകരമായതിനാൽ കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ലകളായ കോഴിക്കോടും വടകരയും വിഭജിച്ച് താമരശ്ശേരി കേന്ദ്രമാക്കി ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസും മുക്കം ആസ്ഥാനമാക്കി ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസും രൂപീകരിക്കുന്നത് ഏറെ ഗുണപ്രദമായിരിക്കുമെന്ന് നിവേദനത്തിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മുക്കം ആസ്ഥാനമായി ഒരു പുതിയ ഉപജില്ലാ ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം വിദ്യാഭ്യാസ വകുപ്പിന്റെ ഫയലുകളിലുണ്ട്. അതിന് 6,80,000 രൂപയുടെ സാമ്പത്തിക ബാദ്ധ്യതയാണ് കണക്കാക്കിയിട്ടുള്ളത്. സാമ്പത്തിക നിയന്ത്രണമുള്ളതുകൊണ്ട് ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്ക് വിധേയമായിട്ട് മാത്രമേ ഇക്കാര്യത്തിൽ അവസാന തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ അധിക സാമ്പത്തിക ബാദ്ധ്യത കുറച്ചുകൊണ്ട് തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തി പുതിയ ആളുകളെ നിയമിച്ചുകൊണ്ട് പുതിയ നിർദ്ദേശം നടപ്പിലാക്കാൻ ആവശ്യപ്പെട്ടതിൻപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, ഒരു സീനിയർ സൂപ്രണ്ടിന്റെ തസ്തിക ഒഴികെ ബാക്കിയുള്ള മുഴുവൻ തസ്തികകളും പുനർവിന്യാസം വഴി കണ്ടെത്തണമെന്നുള്ള നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും അംഗീകാരത്തിനായി ഫയൽ ധനകാര്യവകുപ്പിന് അയച്ചിരിക്കുകയുമാണ്. ധനകാര്യവകുപ്പാണ് ഇക്കാര്യത്തിൽ അന്തിമമായി നിർദ്ദേശം വയ്ക്കേണ്ടത്. അതുപോലെതന്നെ താമരശ്ശേരി ആസ്ഥാനമാക്കി ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്നത് സംബന്ധിച്ച് കേരള എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് മിനിസ്റ്റീരിയൽ സ്റ്റാഫും ബന്ധപ്പെട്ട സംഘടനകളും ബഹുമാനപ്പെട്ട എം.എൽ.എ.യും മറ്റ് പൊതുവായ ആളുകളും നിവേദനം നൽകിയിരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസായാലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസായാലും മൈലുകളും കിലോമീറ്ററുകളും ബസുകൾ മാറി മാറി കയറി പോകേണ്ട അവസ്ഥയാണുള്ളതെന്നത് യാഥാർത്ഥ്യമാണ്. ആ ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ടാണ് സത്വരമായി.....

മി.സ്പീക്കർ: നിങ്ങൾ സെറ്റിൽ ചെയ്ത കാര്യമല്ലേ? ഈ ഹൗസിന്റെ സമയം കളയേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ മോയിൻകുട്ടി ?

ശ്രീ. നാലകത്ത് സൂപ്പി : സർ, സെറ്റിൽ ചെയ്തിട്ടില്ല. അന്തിമ തീരുമാനം ആയിട്ടില്ല. അങ്ങനെ തെറ്റിദ്ധരിക്കണ്ട. ഇതിന്റെ ആവശ്യകത ഗവൺമെന്റ് മനസ്സിലാക്കുന്നു. സാമ്പത്തിക പ്രയാസമുള്ളതുകൊണ്ടാണ് തൽക്കാലം മാറ്റിവച്ചിരിക്കുന്നത്. ഇക്കാര്യം അന്തിമമായി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി : സർ, എന്റെ മുൻഗാമി ബഹുമാനപ്പെട്ട പി.പി. ജോർജ്ജ് മുതൽ എ.വി. അബ്ദുറഹിമാൻ ഹാജി തുടങ്ങിയിട്ടുള്ളവർ വരെ ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് വർഷം പിന്നിടുകയാണ്. വളരെ അടിയന്തിരമായി, സമയബന്ധിതമായി ഇക്കാര്യം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയുള്ള സത്വരമായ ഫലപ്രദമായ നടപടിയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഡിപ്ലോയ്മെന്റിലൂടെ ഇക്കാര്യങ്ങൾ കുറേയെറെ പരിഹരിക്കാൻ സാധിക്കുന്നതാണ്. സത്വര നടപടികൾ ഉണ്ടാകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി : സർ, കേരളത്തിലെ പൊതുവിദ്യാഭ്യാസ ഓഫീസുകളുടെ പുനർക്രമീകരണം വേണമെന്നുള്ള ആവശ്യം കാണിച്ച് എല്ലാ എം.എൽ.എ.മാരും മന്ത്രിമാരും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ പ്രയോറിറ്റി നിശ്ചയിച്ച് പിന്നീട് അവസാന തീരുമാനം എടുക്കുന്നതാണ്.

III സബ്മിഷൻ

(1) ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ സംസ്ഥാനത്ത് ചന്ദന മാഫിയാകളുടെ വളരെ ശക്തമായ സമ്മർദ്ദത്തിന് വിധേയമായി ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥന്മാരെ ദൂരെ സ്ഥലംമാറ്റി കൊണ്ടിരിക്കുന്നതിൽ വനം വകുപ്പ് സെക്രട്ടറിയുടെതന്നെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നിരിക്കുന്നു എന്നാണ് മാധ്യമങ്ങളിൽ കാണാൻ കഴിഞ്ഞത്. പാലക്കാട് രണ്ട് ചന്ദന ഫാക്ടറികൾക്ക് എൻ.ഒ.സി. നിഷേധിച്ച ശ്രീ.എൽ.ചന്ദ്രശേഖരൻ എന്ന ഡി.എഫ്.ഒ.-യെ പൊടുന്നനെ ഫോറസ്റ്റ് ട്രെയിനിംഗ് സ്ക്കൂളിലേയ്ക്ക് സ്ഥലംമാറ്റി. തൊട്ടുപുറകെ ചന്ദന മാഫിയായ്ക്ക് എതിരെ ശക്തമായ നിലപാട് എടുത്തുകൊണ്ടിരിക്കുന്ന മൂന്നാർ ഡി.എഫ്.ഒ. ശ്രീമതി പ്രകൃതി ശ്രീവാസ്തവയെ തികച്ചും അപ്രധാനമായ മലയാറ്റൂർ എന്ന സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റിയതായി അറിയുന്നു. ശ്രീമതി പ്രകൃതി ശ്രീവാസ്തവ മൂന്നാറിൽ ചാർജ് എടുത്തതിനുശേഷം 97 ടൺ അനധികൃത ചന്ദനമാണ് പിടിച്ചെടുത്തത്. എന്നാൽ അതിന് തൊട്ട് മുൻ വർഷം വെറും 2 ടൺ ചന്ദനമാണ് പിടിച്ചെടുത്തിരുന്നത്. ഇതിൽനിന്ന് അവരുടെ കഴിവും ആത്മാർത്ഥതയും വ്യക്തമാണ്. ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന ഈ വനിതാ ഉദ്യോഗസ്ഥയെ പൊടുന്നനെ സ്ഥലം മാറ്റിയത് എന്തിനെന്ന് വനവും സ്പോർട്സും വകുപ്പുമന്ത്രി വ്യക്തമാക്കണം. മതികെട്ടാൻ വനം കൊള്ളയെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർ എന്ന് കണ്ട് സസ്പെൻഡ് ചെയ്ത മുഴുവൻ ഉദ്യോഗസ്ഥന്മാരെയും ഗവൺമെന്റ് ഇതിനകം സർവ്വീസിൽ തിരിച്ച് എടുത്തതായി മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ മതികെട്ടാൻവനം കൊള്ള പുറംലോകത്തെ അറിയിക്കുന്നതിൽ വലിയ പങ്ക് വഹിച്ച ദേവികുളം റെയ്ഞ്ചിലെ ഫോറസ്റ്റ് റെയ്ഞ്ചർ ശ്രീ. വി. കെ. ഫ്രാൻസിസിനെ ഇതുവരെ തിരിച്ചെടുത്തിട്ടില്ല. റവന്യൂ വകുപ്പുമന്ത്രിയുടെ ശക്തമായ സമ്മർദ്ദം കൊണ്ടാണ് അദ്ദേഹത്തെ തിരിച്ചെടുക്കാൻ കഴിയാത്തതെന്നു കേൾക്കുന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പ്രവർത്തനത്തെ ആസ്പദമാക്കി വനം മന്ത്രിയുടെതന്നെ പ്രോൽസാഹനം